# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

02/11/2025 മാർക്ക് - 50
10.30am - 12.30pm **STD - XII** സമയം - 2 മണിക്കൂർ

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** **1X10=10**

| | | |
|---|---|---|
| * തിരുസഭ | * വിവാഹം | * ഉത്ഭവപാപം |
| * അനന്യത | * ലൈംഗികത | * നെസ്തോറിയൻസ് |
| * ക്രിസ്തുജീവിക്കുന്നു | * നസ്രത്തിലെ ഭവനം | * നസ്രാണികൾ |
| * കുടുംബം | * മുഖംമൂടി | * പ്രളയം |
| * 12-ാം പീയൂസ് മാർപാപ്പ | * 10-ാം പീയൂസ് മാർപാപ്പ | * ദൈവവിളി |

1. പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ച മാർപാപ്പ?
2. ഈശോയുടെ ജീവിതത്തെപറ്റി നാം പഠിക്കാൻ തുടങ്ങുന്ന വിദ്യാലയം ഏത്?
3. ഭാര്യാഭർത്തൃ ബന്ധത്തിലൂടെ സ്നേഹത്തിലേക്കും സൃഷ്ടികർമ്മത്തിലേക്കും നയിക്കുന്നതിനായി ദൈവം മനുഷ്യന് നൽകിയിരിക്കുന്ന വികാരങ്ങളും അനുഭൂതികളും ഉൾച്ചേർന്ന അനുഗ്രഹം എന്ത്?
4. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ രൂപപ്പെട്ടതും വി. പത്രോസിന്റെ പിൻഗാമികളായ മാർപാപ്പമാരോടു ചേർന്നുനിൽക്കുന്നതുമായ സഭകളുടെ കൂട്ടായ്മയെ വിളിക്കുന്ന പേരെന്ത്?
5. മറിയത്തിന്റെ ഉദരത്തിൽ വന്ന് പിറക്കാനിരുന്ന ദൈവപുത്രനായ ഈശോമിശിഹായെപ്രതി പിതാവായ ദൈവം പരിശുദ്ധ കന്യകാമറിയത്തെ പരിരക്ഷിച്ചത് എന്തിൽ നിന്ന്?
6. യുവാക്കളെയും ചെറുപ്പക്കാരെയും വലിയ കാര്യങ്ങൾ ഭരമേൽപ്പിക്കുന്ന ഒരു ദൈവത്തെ വരച്ചുകാട്ടുന്ന ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലിക പ്രബോധനം ഏതാണ്?
7. വ്യക്തിത്വം എന്ന പദം ഉടലെടുത്ത 'Persona' എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം?
8. ഭാര്യാഭർത്താക്കന്മാരുടെ ലൈംഗികസമർപ്പണം എന്തിനെയാണ് പൂർണ്ണമാക്കുന്നത്?
9. വിശ്വാസത്തിൽ ക്രൈസ്തവരും സംസ്കാരത്തിൽ ഭാരതീയരുമായ മാർ തോമാ ക്രിസ്ത്യാനികൾ ഏത് പേരിലാണ് അറിയപ്പെട്ടത്?
10. ആന്തരീകമായ ഒരു പ്രചോദനവും, വിശുദ്ധിയിലേക്കുള്ള വിളിയും, അതിന്റെ തെരഞ്ഞെടുപ്പും എന്താണ്?

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക **1X7=7**

11. ലൈംഗിക ധാർമികത എന്നാൽ എന്ത്?
12. പുണ്യവാന്മാരുടെ ഐക്യം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
13. ദൈവശാസ്ത്രം എന്നാൽ എന്ത്?
14. എന്താണ് അനുകമ്പ? അനുകമ്പ എങ്ങനെ കാരുണ്യപ്രവൃത്തിയോട് ബന്ധപ്പെട്ടിരിക്കുന്നു?
15. വ്യക്തിസഭകളെ വ്യത്യസ്തമാക്കുന്ന ഘടകങ്ങൾ ഏതെല്ലാം?
16. നിർമിത ബുദ്ധിയുടെ ഉപയോഗത്തെക്കുറിച്ച് സഭയുടെ ദർശനം എന്ത്?
17. വ്യക്തിത്വത്തിന്റെ ബാഹ്യഘടകങ്ങൾ ഏതെല്ലാം?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക **3X3=9**

18. 'എന്റെ ശരീരം എനിക്ക് ആസ്വാദ്യകരമായി ഉപയോഗിക്കാം' എന്ന ചിന്തയിൽ അടങ്ങിയിരിക്കുന്ന തെറ്റുകൾ ഏവ?
19. സന്യസ്തജീവിതം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
20. ഈശോ പിതാവായ ദൈവത്തിന്റെ കരുണയുടെ മുഖമായത് എങ്ങനെ?

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ **1X4=4**

21. കരുണയുടെ ജപമാലയിലെ സമർപ്പണപ്രാർത്ഥന എഴുതുക.
22. ദൈവനഗരം (City of God) എന്ന ഗ്രന്ഥത്തിന്റെ രചയിതാവ്?
23. വചനം പൂർത്തിയാക്കുക. ഏശയ്യാ 59:1, "രക്ഷിക്കാൻ .........."
24. 'ഈശോയിലാണെന്റെ പ്രത്യാശ' എന്ന ആപ്തവാക്യത്തെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'പുഞ്ചിരിക്കുന്ന ഈശോ' എന്താണ് നമ്മോട് പറയുന്നത്?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക **5X2=10**

25. ക്രൈസ്തവവ്യക്തിത്വത്തിന് മൂന്ന് തലങ്ങളാണുള്ളത്: ക്രിസ്തീയ ജീവിതദർശനം, ക്രിസ്തീയ ജീവിതമനോഭാവം, ക്രിസ്തീയ ജീവിത ശൈലി. അതിൽ ക്രിസ്തീയ ജീവിതശൈലിയെക്കുറിച്ച് 'എന്റെ ക്രിസ്തീയവ്യക്തിത്വം' എന്ന പാഠഭാഗത്തിൽ നിന്നും വിവരിക്കുക.

26. ജോനാഥൻ ഒരു നല്ല പ്രസംഗകനായിരുന്നു. നല്ല സുഹൃത്തായിരുന്ന ജാൻസി ടീച്ചറായിരുന്നു പ്രസംഗങ്ങൾ എഴുതാൻ അവനെ സഹായിച്ചിരുന്നത്. കുറച്ചുനാളായി ജോനാഥന്റെ ഫോൺ വിളിയോ, മെസ്സേജോ ലഭിക്കാതായപ്പോൾ ടീച്ചർ അവനെ വിളിച്ചുതിരക്കി. 'ടീച്ചർ, AI ആണ് ഇപ്പോൾ എന്റെ സഹായി' എന്നായിരുന്നു ജോനാഥന്റെ മറുപടി. Artificial Intelligence-ന്റെ കടന്നുവരവിനെ നിങ്ങൾ എങ്ങനെ നോക്കി കാണുന്നു.

27. ഇന്റേണൽ അസസ്സ്മെന്റ്: **10**
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ.

# Semester 1 2025-2026
# STD XII New

## A. ശരിയായ ഉത്തരം എടുത്ത് എഴുതുക.

1. **12-ാം പീയൂസ് മാർപാപ്പ (3/31/5)**
2. **നസ്രത്തിലെ ഭവനം (1/12/4)**
3. **ലൈംഗികത (5/51/Blue box)**
4. **തിരുസഭ (2/19/5)**
5. **ഉത്ഭവപാപം (3/28/4)**
6. **ക്രിസ്തുജീവിക്കുന്നു (6/67/ Green box)**
7. **മുഖംമൂടി (4/39/ Green box)**
8. **വിവാഹം (5/54/ First blue box )**
9. **നസ്രാണികൾ (2/21/point 3)**
10. **ദൈവവിളി (6/59/ 2nd Green box )**

## B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

11. **5/54/1st Blue box**

    വിശുദ്ധി പാലിച്ചുകൊണ്ടും ലക്ഷ്യാധിഷ്ഠിതമായ നന്മയെ സംരക്ഷിച്ചുകൊണ്ടും ലൈംഗീകതയെ സമീപിക്കുന്നതിനുള്ള മനോഭാവമാണ്.

12. **3/36/2**

    ഈശോമിശിഹായിൽ പ്രത്യാശവയ്ക്കുകയും മാമ്മോദീസയിലൂടെ അവിടത്തേതായിരിക്കുകയുംചെയ്യുന്ന, ജീവിക്കുന്നവരും മരണം മൂലം വേർപിരിഞ്ഞുപോയവരുമായ എല്ലാ വിശ്വാസികളും ഉൾകൊള്ളുന്നതാണ്.

13. **7/70/3rd Blue box**

    വിശ്വാസ സത്യങ്ങളെ യുക്തിസഹമായി വ്യാഖ്യാനിക്കുന്ന രീതിയാണ്.

14. **1/16/ 2nd Green box**

    മറ്റൊരാളുടെ ആവശ്യം മനസ്സിലാക്കി അയാളെ സഹായിക്കാനുള്ള തീരുമാനമാണ് അനുകമ്പ. ആ തീരുമാനം നടപ്പിലാക്കുന്നതാണ് കാരുണ്യപ്രവൃത്തി.

15. **2/20/Blue box**

    ആരാധനക്രമം, ദൈവശാസ്ത്രം, ആധ്യാത്മിക പൈതൃകം, ഭരണക്രമം

16. **7/75/2**

    മനുഷ്യമാഹാത്മ്യത്തിന് പ്രാധാന്യം കൊടുത്തുവേണം ദൈവികപദ്ധതിയായ നിർമിതബുദ്ധി ഉപയോഗിക്കാൻ.

17. **4/39/6th Line From Bottom**

    നല്ല പെരുമാറ്റം, മാന്യമായ സംസാരം, ആകാരസവിശേഷതകൾ, കായികവും കലാപരവുമായ കഴിവുകൾ.

## C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക.

18. **5/53/5**

‘എന്റെ ശരീരം എനിക്ക് ആസ്വാദ്യകരമായി ഉപയോഗിക്കാം എന്ന ചിന്തയിൽ എന്താണ് തെറ്റ്’ എന്ന തലക്കെട്ടിലെ 8 കാര്യങ്ങൾ.

19. **6/64/1st Blue box**

‘സന്യസ്തജീവിതം’ എന്ന തലക്കെട്ടിലെ 4 കാര്യങ്ങൾ.

20. **1/16/5**

‘ഈശോ പിതാവിന്റെ കരുണയുടെ മുഖം’ എന്ന തലക്കെട്ടിലെ 3 കാര്യങ്ങൾ.

## D. നമസ്കാരങ്ങൾ/ സത്യദീപം/ ബൈബിൾ/ ലോഗോ

21. നിത്യപിതാവേ, ഞങ്ങളുടെയും ലോകം മുഴുവന്റെയും പാപങ്ങൾക്ക് പരിഹാരമായി അങ്ങയുടെ പ്രിയപുത്രനും ഞങ്ങളുടെ നാഥനും രക്ഷകനുമായ കർത്താവീശോമിശിഹായുടെ തിരുശരീരവും, തിരുരക്തവും, ആത്മാവും ദൈവത്വവും അങ്ങേയ്ക്ക് ഞങ്ങൾ കാഴ്ചവയ്ക്കുന്നു.

22. വി. അഗസ്റ്റിൻ

23. ഏശയ്യാ 59:1 :- രക്ഷിക്കാൻ കഴിയാത്തവിധം കർത്താവിന്റെ കരം കുറുകിപ്പോയിട്ടില്ല. കേൾക്കാനാവാത്തവിധം അവിടുത്തെ കാതുകൾക്കു മാന്ദ്യം സംഭവിച്ചിട്ടില്ല.

24. പുഞ്ചിരിക്കുന്ന ഈശോ: ‘‘അദ്ധ്വാനിക്കുന്നവരും ഭാരം വഹിക്കുന്ന വരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം’’ (മത്തായി 11:28) എന്നു പറയുന്ന ഈശോ, ജീവിതത്തിൽ തകർന്നവർക്കും വിവിധ ആസക്തികൾക്ക് അടിമകളായവർക്കും ജീവിതത്തിന്റ അർത്ഥം നഷ്ടപ്പെട്ട് നിരാശ യിലകപ്പെട്ടവർക്കും പ്രത്യാശയേകുന്ന സ്നേഹത്തിന്റെ ആശ്രയമാണ്.

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക.

25. **4/42-46** ‘എന്റെ ക്രിസ്തീയവ്യക്തിത്വം’

- ക്രിസ്തീയ ജീവിതശൈലി – ഏഴ് സവിശേഷതകൾ വിവരിക്കുക.

26. പൊതുചോദ്യം

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**03/11/2024** **മാർക്ക് - 50**

**10.30 A.M. - 12.30 P.M.** **STD - XII** **സമയം - 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക** **1X10=10**

| | | |
|---|---|---|
| * വി. പൗലോസ് | * ലെയോ XIII | * ഈശോമിശിഹാ |
| * സാർവത്രികം | * വി. പത്രോസ് | * തൈലാഭിഷേകം |
| * വി. അഗസ്തീനോസ് | * സഭ | * പീയൂസ് XII |
| * പെസഹായിൽ | * സൃഷ്ടികർമ്മത്തിൽ | * വിശുദ്ധ കുർബാന |
| * പരിശുദ്ധ കന്യകാ മറിയം | * എല്ലാവർക്കും വേണ്ടി | * അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് |

1. ക്രൈസ്തവജീവിതത്തിന്റെ ശക്തികേന്ദ്രമായ കൂദാശ ഏത്?
2. വിശ്വാസാനുസരണത്തിന്റെ സമ്പൂർണ്ണരൂപം ആര്?
3. ദൈവം തന്റെ സ്നേഹവും കാരുണ്യവും ആദ്യമായി വെളിപ്പെടുത്തിയത്
4. സാത്താനും അവന്റെ ശക്തികൾക്കുമെതിരെയുള്ള ഒരു പോരാട്ടമാണ് ക്രിസ്തീയ ജീവിതമെന്ന് നമ്മെ അനുസ്മരിപ്പിക്കുന്ന ശ്ലീഹ ആര്?
5. ഈശോമിശിഹാ സ്ഥാപിച്ച സഭയെ കത്തോലിക്കാ സഭയെന്ന് ആദ്യം വിളിച്ചതാര്?
6. 'സർവ്വ പരിപാലകനായ ദൈവം' എന്ന ചാക്രികലേഖനം എഴുതിയ മാർപാപ്പാ ആര്?
7. ദൈവീകവെളിപാടിനു മനുഷ്യൻ നൽകേണ്ട പ്രത്യുത്തരത്തിന്റെ പൂർണമായ രൂപം
8. 'കാതോലികം' എന്ന പദത്തിന്റെ അർത്ഥം എന്ത്?
9. "ദൈവമേ, നീ എന്നെ നിനക്കായി സൃഷ്ടിച്ചു. നിന്നിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കും." ഇങ്ങനെ പറഞ്ഞത് ആര്?
10. സ്വകാര്യ സ്വത്ത് പൊതു നന്മയെക്കൂടി ലക്ഷ്യമാക്കി വേണം ഉപയോഗിക്കാൻ എന്ന് പഠിപ്പിക്കുന്നത് ആര്?

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക** **1X6=6**

11. തിന്മയ്ക്കെതിരെയുള്ള ക്രിസ്തീയപോരാട്ടത്തിന്റെ രണ്ടു തലങ്ങൾ ഏതെല്ലാം?
12. എന്താണ് തിരുസഭയുടെ വിശുദ്ധ പാരമ്പര്യങ്ങൾ?

13. വചനാധിഷ്ഠിത ജീവിതം നയിക്കാൻ നാം പ്രധാനമായും ശ്രദ്ധി ക്കേണ്ട കാര്യങ്ങൾ ഏവ?

14. ആരാണ് ഹ്യൂമനിസ്റ്റുകൾ?

15. ദൈവവചനത്തിന്റെ ജീവദായകമായ ശക്തിയെക്കുറിച്ച് ഹെബ്രായ ലേഖനം(ഹെബ്രാ. 4:12) പറയുന്നതെന്ത്?

16. ജോൺ കാർഡിനൽ ന്യൂമാനെ കത്തോലിക്കാ സഭയിലേക്ക് ആകർ ഷിച്ചതെന്ത്?

## C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക 2X3=6

17. പെന്തക്കോസ്തു സമൂഹങ്ങളുടെ പ്രധാന പോരായ്മകളിൽ ഒന്നായ പാരമ്പര്യ നിഷേധത്തെക്കുറിച്ച് എഴുതുക?

18. കത്തോലിക്കാ കാഴ്ച്ചപ്പാടിൽ 'ദൈവനിവേശനം' എന്ന ആശയത്തിൽ അടങ്ങിയിരിക്കുന്ന വസ്തുതകൾ ഏവ?

19. 'വിശുദ്ധീകരിക്കുന്ന വചനം' എന്താണെന്ന് വ്യക്തമാക്കുക.

## D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 2X4=8

20. 'മുനിഫിച്ചെന്തീസ്സിമൂസ് ദേവൂസ്' എന്ന ഡിക്രിയിലൂടെ പന്ത്രണ്ടാം പീയൂസ് മാർപാപ്പ വിശ്വാസസത്യമായി പ്രഖ്യാപിച്ചത് എന്ത്?

21. വചനം പൂർത്തിയാക്കുക. മർക്കോസ് 11:24, "പ്രാർത്ഥിക്കുകയും .........."

22. ഈശോയുടെ തിരുഹൃദയത്തോടുള്ള പ്രതിഷ്ഠാ ജപം എഴുതുക.

23. 2024–2025 വിശ്വാസപരിശീലന വർഷ ആപ്തവാക്യം 'പ്രാർത്ഥനയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ലോഗോയിൽ കാണുന്ന 'ഗോതമ്പ് കതിരും മുന്തിരിയും തിരുശരീരവും തിരുരക്തവും' എന്തിനെ സൂചിപ്പിക്കുന്നു?

## E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10

24. നമ്മുടെ ജീവിതത്തിൽ ലൗകിക പ്രലോഭനങ്ങൾ ഉണ്ടാവുക സ്വാഭാവി കമാണ്. അതിനെ അതിജീവിക്കുന്നതിലാണ് ക്രൈസ്തവന്റെ മഹത്വം കുടികൊള്ളുന്നത്. ആകർഷണീയ രൂപത്തിൽ നിങ്ങളെ തേടിയെത്തുന്ന പ്രലോഭനങ്ങൾ ഏതെല്ലാമെന്നും അവയെ എങ്ങനെ അതിജീവിക്കാൻ സാധിക്കുമെന്നും 'ജീവിതത്തിന്റെ പ്രലോഭനങ്ങൾ' എന്ന പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

25. മനുഷ്യന്റെ ജീവിത രീതികളെയും മനുഷ്യനെതന്നെയും മാറ്റിമറിക്കുന്ന ഒരു കണ്ടുപിടുത്തമാണ് മനുഷ്യ നിർമ്മിത ബുദ്ധി (Artificial Intelligence). ഉപയോഗിക്കുന്ന ആളുടെയും നിർമ്മിക്കുന്ന ആളുടെയും ഉള്ളിലുള്ള നന്മയെ ആശ്രയിച്ചാണ് നിർമ്മിത ബുദ്ധി അനുഗ്രഹവും ശാപവുമായി മാറുന്നത്. നിങ്ങളുടെ കാഴ്ച്ചപ്പാടിൽ വിലയിരുത്തുക.

26. ഇന്റേണൽ അസസ്സ്മെന്റ്: 10
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ.

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം

## STD XII

### A. ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക

1. വിശുദ്ധ കുർബാന (പാഠം 5, പേജ് 39, പാര 1)
2. പരിശുദ്ധ കന്യകാമറിയം (പാഠം 1, പേജ് 11, പാര 3)
3. സൃഷ്ടികർമത്തിലൂടെ (പാഠം 6, പേജ് 44, പാര 1)
4. വി. പൗലോസ് (പാഠം 5, പേജ് 35, പാര 3)
5. അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ് (പാഠം 8, പേജ് 63, പാര 2)
6. ലെയോ XIII (പാഠം 6, പേജ് 48, പാര 3)
7. ഈശോമിശിഹാ (പാഠം 1, പേജ് 11, പാര 1)
8. സാർവത്രികം (പാഠം 8, പേജ് 59, പാര 4)
9. വി. അഗസ്തീനോസ് (പാഠം 1, പേജ് 10, പാര 1)
10. സഭ (പാഠം 2, പേജ് 20, പാര 4)

### B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക

11. പാഠം 5, പേജ് 36, പാര 1
12. പാഠം 6, പേജ് 46, പാര 1
13. പാഠം 7, പേജ് 55, പാര 1
14. പാഠം 2, പേജ് 19, പാര 1
15. പാഠം 7, പേജ് 53, പാര 1
16. പാഠം 8, പേജ് 58, പാര 1

### C. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക

17. പാഠം 3, പേജ് 25, പാര 4
18. പാഠം 6, പേജ് 48, പാര 1
19. പാഠം 7, പേജ് 54, പാര 1

### D. നമസ്ക്കാരങ്ങൾ/ സത്യദീപം/ ബൈബിൾ / ലോഗോ

20. കന്യകാമറിയത്തിന്റെ സ്വർഗാരോപണം എന്ന വിശ്വാസസത്യം (സത്യദീപം, ആഗസ്റ്റ് 14, പേജ് 08)
21. മർക്കോസ് 11:24 (ആഗസ്റ്റ് 11, വചനദീപം പേജ് 25)
22. ഈശോയുടെ തിരുഹൃദയത്തോടുള്ള പ്രതിഷ്ഠാ ജപം (നമസ്കാരങ്ങൾ പേജ് 32)
23. "ഗോതമ്പ് കതിരും മുന്തിരിയും തിരുശരീരവും തിരുരക്തവും" (വചനദീപം, പേജ് 9,10)

### E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക

24. പാഠം 4 'ജീവിതത്തിന്റെ പ്രലോഭനങ്ങൾ'

- ദ്രവ്യാഗ്രഹം
- വ്യർത്ഥാഭിമാനം
- ഉപഭോഗതൃഷ്ണ
- അധികാരമോഹം
- ധൂർത്ത്
- ആഡംബരഭ്രമം
- സുഖലോലുപത
- അനാരോഗ്യകരമായ മത്സരബുദ്ധി
- വ്യക്തിപൂജ

25. പൊതിചോദ്യം

# എറണാകുളം-അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**08/10/2023** **മാർക്ക് – 50**

**10.30 A.M. - 12.30 P.M.** **STD - XII** **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം ഉത്തരപ്പെട്ടിയിൽനിന്നും എടുത്തെഴുതുക 1X10=10**

| | | |
|---|---|---|
| * വിശ്വാസം | * കാനോൻ ബൈബിൾ | * വിശുദ്ധ കുർബാന |
| * 73 | * പ്രലോഭനങ്ങൾ | * മാമ്മോദീസ |
| * പ്രാർത്ഥന | * ധൂർത്ത് | * പൊതുനന്മ |
| * ഭാവി ജീവിതം | * ദ്രവ്യാഗ്രഹം | * 66 |
| * സെപ്ത്വജിന്ത് ബൈബിൾ | * അജ്ഞേയവാദം | * ക്രിസ്തീയ ജീവിതത്തെ |

1. സ്വകാര്യസ്വത്തവകാശത്തെ സഭ ഒരിക്കലും തള്ളിപ്പറയുന്നില്ല. അതേ സമയം സ്വകാര്യസ്വത്ത് .............ക്കൂടി ലക്ഷ്യംവച്ചുവേണം ഉപയോഗിക്കാൻ എന്നാണ് കത്തോലിക്ക സഭ പഠിപ്പിക്കുന്നത്.
2. ഹീബ്രൂ ഭാഷയിൽ എഴുതപ്പെട്ട പഴയനിയമത്തിന്റെ ഗ്രീക്ക് വിവർത്തനം.
3. തിന്മ ചെയ്യാനുള്ള ക്ഷണവും പ്രേരണയുമാണ് ..........
4. ദൈവനിവേശിതമായി അംഗീകരിക്കപ്പെട്ട എത്ര പുസ്തകങ്ങളാണ് വിശുദ്ധ ഗ്രന്ഥത്തിൽ തിരുസ്സഭ നമുക്ക് നൽകിയിരിക്കുന്നത്?
5. ഏതു ജീവിതത്തെയാണ് സാത്താനും അവന്റെ ശക്തികൾക്കുമെതിരെയുള്ള ഒരു പോരാട്ടമായി വി. പൗലോസ് നമ്മെ അനുസ്മരിപ്പിക്കുന്നത്?
6. ധനം സമ്പാദിക്കാനുള്ള മനുഷ്യന്റെ അമിതമായ ആഗ്രഹമാണ്..........
7. ക്രൈസ്തവജീവിതത്തിന്റെ ശക്തികേന്ദ്രമായ കൂദാശ ഏത്?
8. ഭൗതികവും അനുഭവപ്രദവുമായ തലങ്ങൾക്കപ്പുറം കടന്നുചെല്ലാനുള്ള മനുഷ്യമനസ്സിന്റെ കഴിവിനെ ചോദ്യം ചെയ്യുന്ന ദാർശനിക നിലപാട്.
9. പെന്തക്കോസ്തു സമൂഹം തങ്ങളുടെ ബൈബിളിൽ സ്വീകരിച്ചിരിക്കുന്ന പുസ്തകങ്ങൾ എത്ര?
10. ഈശോമിശിഹായിലൂടെ തന്നെത്തന്നെ പൂർണമായി വെളിപ്പെടുത്തിയ ദൈവത്തിന് മനുഷ്യൻ സ്വയം സമർപ്പിച്ചുകൊണ്ട് നല്കുന്ന പ്രത്യുത്തരം.

**B. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക 1X6=6**

11. ലിഖിതരൂപത്തിൽ ബൈബിളിൽ രേഖപ്പെടുത്താത്ത വെളിപാടുകളെ അറിയപ്പെടുന്നത് എങ്ങിനെ?
12. അധികാരമോഹത്തിലേയ്ക്ക് നയിക്കുന്ന പ്രലോഭനങ്ങൾ ഏത്?

13. ഹെബ്രായ ലേഖനം 11:1 വിശ്വാസത്തെ എപ്രകാരമാണ് നിർവചിക്കുന്നത്?
14. പാപത്തിന്റെ ഭരണത്തെ പരാജയപ്പെടുത്താൻ ഓരോ ക്രിസ്ത്യാനിയും എന്ത് ചെയ്യണമെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത്?
15. എന്തിനെക്കുറിച്ചുള്ള അജ്ഞതയാണ് ക്രിസ്തുവിനെപ്പറ്റിയുള്ള അജ്ഞതതന്നെയാണ് എന്ന് വി. ജറോം പറയുന്നത്?
16. "വിശ്വസിക്കാൻ വേണ്ടി ഞാൻ ഗ്രഹിക്കുന്നു, ഗ്രഹിക്കുവാൻ വേണ്ടി ഞാൻ വിശ്വസിക്കുന്നു." വി. അഗസ്തീനോസിന്റെ ഈ വാക്കുകളിൽ നിന്നും എന്താണ് നമുക്ക് സംഗ്രഹിക്കാൻ സാധിക്കുന്നത്?

**C. രണ്ടോ മൂന്നോ വാചകത്തിൽ ഉത്തരമെഴുതുക 2X3=6**

(പാഠഭാഗങ്ങൾ നിങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉത്തരങ്ങൾ എഴുതിയാലും മതിയാകും.)

17. ആദിമ സഭയാണ് തങ്ങളുടെ മാതൃക എന്ന പെന്തക്കോസ്തു വിഭാഗങ്ങളുടെ വാദം ശരിയല്ല എന്നു പറയാൻ കാരണമെന്ത്?
18. തൊഴിൽ ദാതാവിനെയും തൊഴിലാളികളെയും കുറിച്ച് കത്തോലിക്ക സഭയുടെ നിലപാട് എന്ത്?
19. ദൈവികവെളിപാട് അല്ലെങ്കിൽ ദൈവാവിഷ്കാരം എന്നാൽ എന്ത്?

**D. നമസ്കാരങ്ങൾ / സത്യദീപം / ബൈബിൾ / ലോഗോ 2X4=8**

20. പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം വിശദീകരിച്ചുകൊണ്ടു ഫ്രാൻസിസ് മാർപാപ്പ 2015-ൽ പുറപ്പെടുവിച്ച ചാക്രികലേഖനമായ 'ലൗദാത്തോ സി' എന്നതിന്റെ അർത്ഥം എന്ത്?
21. വചനം പൂർത്തിയാക്കുക. സങ്കീർത്തനം 37:3 "ദൈവത്തിൽ വിശ്വാസമർപ്പിച്ചു .........."
22. സീറോ-മലബാർ സഭയുടെ വിശുദ്ധ കുർബാനയിലെ 'വിശുദ്ധ കുർബാന വിശുദ്ധ ജനത്തിനുള്ളതാകുന്നു' എന്ന കാർമ്മികന്റെ പ്രാർത്ഥനയ്ക്ക് സമൂഹം നൽകുന്ന മറുപടി എഴുതുക.
23. 2023-2024 വിശ്വാസപരിശീലന വർഷത്തിന്റെ ആപ്തവാക്യം 'നന്മയിൽ വളരാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'ഹൃദയവും ജ്വാലയും' എന്തിനെ സൂചിപ്പിക്കുന്നു.

**E. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക 5X2=10**

(ക്രിസ്തീയ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് വ്യക്തിപരമായ വിചിന്തനങ്ങളും ഉൾക്കാഴ്ചകളും ഉൾപ്പെടുത്തി ചോദ്യങ്ങൾ മനസ്സിലാക്കിയവിധത്തിൽ ഉപന്യാസം തയ്യാറാക്കുക.)

24. "ഏത് പ്രതികൂല സാഹചര്യങ്ങളെയും അതിജീവിക്കാൻ ദൈവവചനം നമ്മെ കെല്പുള്ളവരാക്കും." ദൈവവചനത്തിന് നിങ്ങളുടെ ജീവിതത്തിൽ എന്തു സ്ഥാനം നല്കിയിരിക്കുന്നു? ഏഴാം പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

25. 2024ൽ പാർലമെന്റിലേക്കുള്ള ഇലക്ഷൻ നടക്കുകയാണല്ലോ. ഒരുപക്ഷേ, പൗരാവകാശം (വോട്ടിംഗ്) നിർവ്വഹിക്കുവാൻ നിങ്ങൾക്ക് അവസരമുണ്ടായേക്കാം. നമ്മുടെ ജനാധിപത്യരാജ്യം സ്വാതന്ത്ര്യത്തിലും, സമത്വത്തിലും സാഹോദര്യത്തിലും കഴിയുവാൻ നമ്മുടെ രാഷ്ട്രീയ നേതാക്കന്മാർക്കുണ്ടായിരിക്കേണ്ട കാഴ്ചപ്പാടുകൾ എന്തെല്ലാമായിരിക്കണം.

26. ഇന്റേണൽ അസസ്സ്മെന്റ്: 10
മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ.

# എറണാകുളം–അങ്കമാലി അതിരൂപത
# വിശ്വാസപരിശീലനകേന്ദ്രം
# ഒന്നാം സെമസ്റ്റർ പരീക്ഷ

**02/10/2022** **മാർക്ക് – 50**

**10.30 A.M. - 12.30 P.M.** **STD - XII** **സമയം – 2 മണിക്കൂർ**

**നിർദ്ദേശങ്ങൾ:** ചോദ്യപേപ്പറിൽ ഉത്തരങ്ങൾ എഴുതരുത്. ഉത്തരക്കടലാസിൽ മാത്രം എഴുതുക.

**A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക** **1X5=5**

1. "വിശ്വസിക്കുവാൻവേണ്ടി ഞാൻ ഗ്രഹിക്കുന്നു, ഗ്രഹിക്കുവാൻവേണ്ടി ഞാൻ വിശ്വസിക്കുന്നു". ആരുടെ വാക്കുകൾ?

   1. വി. തോമസ് അക്വീനാസ് 2. വി. അഗസ്തീനോസ് 3. വി. ജറോം

2. ദൈവവചനം വ്യാഖ്യാനിക്കാനുള്ള പ്രഥമവും പ്രധാനവുമായ അവകാശം ആർക്കാണ്?

   1. പുരോഹിതർക്ക് 2. മെത്രാന്മാർക്ക് 3. സഭയ്ക്ക്

3. കത്തോലിക്കാസഭയുടെ വിശ്വാസരഹസ്യങ്ങളിൽ ഏറ്റവും പ്രധാന പ്പെട്ട വിശ്വാസം ഏതാണ്?

   1. നിത്യജീവിതത്തിലുള്ള വിശ്വാസം 2. പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസം 3. സഭാപാരമ്പര്യത്തിലുള്ള വിശ്വാസം

4. "വിശുദ്ധലിഖിതത്തെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെപ്പറ്റിയുള്ള അജ്ഞത തന്നെയാണ്" എന്നുപറഞ്ഞ സഭാപിതാവ്?

   1. വി. ജറോം 2. വി. അപ്രേം 3. വി. ഇരണേവൂസ്

5. യേശു ശിഷ്യന്മാർക്ക് നൽകിയ പുതിയ കല്പന എന്ത്?

   1. നിരന്തരം പ്രാർത്ഥിക്കുവിൻ 2. എപ്പോഴും നന്ദി പ്രകാശിക്കുവിൻ 3. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ

**B. പൂരിപ്പിക്കുക** **1X5=5**

6. സൃഷ്ടിയുടെ പുസ്തകം മുതൽ വെളിപാട് പുസ്തകം വരെയുള്ള എഴുപത്തിമൂന്ന് ------- സമാഹാരമാണ് ബൈബിൾ.
7. ദൈവത്തിനു മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് -------.
8. ബൈബിളിന്റെ സുറിയാനി ഭാഷയിലുള്ള തർജമ ------- എന്ന് അറിയപ്പെടുന്നു.
9. 2021–2023 ആഗോള സിനഡിന്റെ തീം ------- ആണ്.
10. ലിഖിതരൂപത്തിൽ ബൈബിളിൽ രേഖപ്പെടുത്താത്ത വെളിപാടുകളെ തിരുസഭയുടെ ------- എന്നാണ് വിളിക്കുന്നത്.

**C. മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക** **2X7=14**

11. ദൈവവചനത്തിന്റെ ധർമ്മങ്ങളെക്കുറിച്ച് വിശുദ്ധ പൗലോസ് ശ്ലീഹ പറയുന്നത് എന്താണ്?

12. ആദിമസഭയാണ് തങ്ങളുടെ മാതൃക എന്ന് പെന്തക്കൊസ്തു വിഭാഗങ്ങൾ അവകാശപ്പെടുന്നുണ്ടെങ്കിലും ആ വാദം ശരിയല്ല എന്നു പറയാൻ കാരണമെന്ത്?
13. വിശ്വാസം ദൈവികവെളിപാടിനുള്ള പ്രത്യുത്തരമാകുന്നതെങ്ങനെ?
14. വ്യർത്ഥാഭിമാനം ആത്യന്തികമായി വ്യക്തികളുടെ നാശത്തിനും, ജനതകളുടെ ദുരന്തത്തിനും കാരണമാകുന്നു. ഉദാഹരണസഹിതം വിശദമാക്കുക.
15. മഹിമയ്ക്കടുത്ത രഹസ്യങ്ങളിൽ ഏതെങ്കിലും രണ്ട് രഹസ്യങ്ങൾ എഴുതുക.
16. അധികാരമോഹം എങ്ങനെ തിന്മയാകുന്നു?
17. 2022-2023 വിശ്വാസപരിശീലനവർഷത്തിന്റെ ആപ്തവാക്യം 'ഒപ്പം നടക്കാം' എന്നാണല്ലോ. ഇതിനെ ആസ്പദമാക്കിയുള്ള ഈ വർഷത്തെ ലോഗോയിൽ കാണുന്ന 'ദൈവജനം' എന്തിനെ സൂചിപ്പിക്കുന്നു? വിശദമാക്കുക.

**D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ എഴുതുക 5X2=10**

18. പെന്തക്കൊസ്തു സമൂഹങ്ങൾ നൽകുന്ന തെറ്റായ പ്രബോധനങ്ങൾ ഏതെല്ലാം?
19. വ്യക്തിതലത്തിലും സമൂഹതലത്തിലും തിന്മയുടെ ശക്തികളെ തോൽപ്പിക്കാൻ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ? വിശദമാക്കുക.
20. വിശ്വാസജീവിതത്തിന്റെ വിവിധ തലങ്ങൾ വിശദമാക്കുക.

**E. രണ്ട് ചോദ്യങ്ങളിൽ ഒരെണ്ണത്തിന് രണ്ടു പേജിൽ കുറയാതെ ഉത്തരമെഴുതുക 6X1=6**

21. എല്ലാ സാധ്യതകളും അവസാനിച്ചുവെന്ന് തോന്നുമ്പോഴും ദൈവത്തിന് ഒന്നും അസാധ്യമല്ലെന്ന തിരിച്ചറിവിന്റെ പ്രകാശത്തിലേക്കാണ് യഥാർത്ഥ വിശ്വാസജീവിതം നമ്മെ വഴി നടത്തുന്നത്. നിങ്ങളുടെ ബോധ്യങ്ങളും കാഴ്ചപ്പാടുകളും വിശദമാക്കുക.

22. മത-സാമൂഹ്യ-രാഷ്ട്രീയ മേഖലകളിൽ സഭാംഗങ്ങൾ സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളുന്ന ധാർമ്മിക മന:സ്സാക്ഷിയുടെ ദീപസ്തംഭങ്ങളാകണമല്ലോ. വിഴിഞ്ഞം തുറമുഖം രാഷ്ട്ര പുരോഗതിയാണ് ലക്ഷ്യംവയ്ക്കുന്നത്. എന്നാൽ ഗൗരവ്വമായ പരിസ്ഥിതി പ്രശ്നങ്ങളോടൊപ്പം അനേകായിരങ്ങളെ ഭവനരഹിതമാക്കുകയും ഭാവി ഇരുളടഞ്ഞതായി മാറ്റുകയും ചെയ്യുന്ന അവസ്ഥയുമുണ്ട്. ഒരു ക്ഷേമ രാഷ്ട്രം എല്ലാ പൗരന്മാരുടെയും ക്ഷേമത്തിനാണല്ലോ മുൻഗണന കൊടുക്കേണ്ടത്. ഇക്കാര്യങ്ങളെല്ലാം വിലയിരുത്തിക്കൊണ്ട് വിഴിഞ്ഞത്തെ നാനാജാതി മതസ്ഥരും മറ്റും നടത്തുന്ന സമരത്തോടുള്ള നിങ്ങളുടെ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും എഴുതുക.

| | |
|---|---|
| 23. ഇന്റേണൽ അസസ്സ്മെന്റ്:<br>മാതാപിതാക്കൾ 5 മാർക്കിൽ, അദ്ധ്യാപകർ 5 മാർക്കിൽ. | 10 |

# STD XII

## A. ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക

1. വി. അഗസ്തീനോസ് (പാഠം 1, പേജ് 13, പാര. 1)
2. സഭയ്ക്ക് (പാഠം 6, പേജ് 50, പാര.2)
3. പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസം (പാഠം 1, പേജ് 14, പാര. 2)
4. വി. ജറോം (പാഠം 7, പേജ് 54, പാര. 4)
5. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. (യോഹ. 13:35) (ബൈബിൾ)

## B. പൂരിപ്പിക്കുക

6. ദൈവനിവേശിത ഗ്രന്ഥങ്ങളുടെ (പാഠം 6, പേജ് 46, പാര. 3)
7. വിശ്വാസം (പാഠം 1, പേജ് 11)
8. പ്ശീത്ത ബൈബിൾ (പാഠം 6, പേജ് 48, പാര. 1)
9. ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി : കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം
10. വിശുദ്ധ പാരമ്പര്യങ്ങൾ (പാഠം 6, പേജ് 46, പാര. 2)

## C. മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക

11. പാഠം 7, പേജ് 52-53
12. പാഠം 3, പേജ് 24, പാര. 2
13. പാഠം 1, പേജ് 10-11
14. പാഠം 4, പേജ് 30, പാര. 2
15. മഹിമയ്ക്കടുത്ത രഹസ്യങ്ങൾ
16. പാഠം 4, പേജ് 31, പാര. 2
17. ലോഗോ

## D. മൂന്ന് ചോദ്യങ്ങളിൽ രണ്ടെണ്ണത്തിന് ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക.

18. പാഠം 3, പേജ് 25-26
19. പാഠം 5, പേജ് 38-41
20. പാഠം 1, പേജ് 14-16

## E. രണ്ട് ചോദ്യങ്ങളിൽ ഒരെണ്ണത്തിന് രണ്ട് പേജിൽ കുറയാതെ ഉത്തരമെഴുതുക.

21.

22.